## താല്പര്യങ്ങളുടെ സംഘർഷം

ഐ എഫ് എയ്ക്ക് നിലവിൽ  സംഭാവന നൽകുന്നവർ, മുൻപ് സംഭാവന നൽകിയിട്ടുള്ളവർ, ട്രസ്റ്റികൾ, ജീവനക്കാർ എന്നിവരിൽ വലിയൊരു ശതമാനം പേർ അവരവരുടെ കലാ മേഖലകളിൽ പ്രഗത്ഭ്യം തെളിയിച്ചവരും ഗവേഷകരുമാണ്. എന്നാൽ അത്തരം ആളുകൾ അപേക്ഷിക്കാൻ യോഗ്യരാണോ എന്നത് സംബന്ധിച്ച് ഐ എഫ് എ ചില മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

## ജീവനക്കാർ

ഐ എഫ് എ യിൽ നിലവിൽ ജോലി ചെയ്യുന്നവരെ സംബന്ധിച്ച്:

- ഐ എഫ് എ യിലെ ജീവനക്കാർ അവർ ജോലിയിൽ തുടരുന്നിടത്തോളം കാലം ഏതെങ്കിലും തരത്തിലുള്ള ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാൻ യോഗ്യരായിരിക്കില്ല.
- ഐ എഫ് എ ജീവനക്കാരുടെ അടുത്ത ബന്ധുക്കൾ (അതായത് രക്ഷാകർത്താക്കൾ, സഹോദരങ്ങൾ, ഭാര്യ/ഭർത്താവ്, കുട്ടികൾ -പൊതുവിൽ ഏറ്റവും അടുത്ത കുടുംബാംഗങ്ങൾ) എന്നിവർ ഒരു തരത്തിലുള്ള ഫെല്ലോഷിപ്പിനും ഗ്രാൻറിനും അപേക്ഷിക്കാൻ മേൽപ്പറഞ്ഞ ജീവനക്കാർ ജോലിയിൽ തുടരുന്നിടത്തോളം കാലം അർഹനരായിരിക്കില്ല.
- ഐ എഫ് എയിലെ ഏതെങ്കിലും ജീവനക്കാരൻ/ജീവനക്കാരി ബോർഡിലോ

തീരുമാനങ്ങളെടുക്കുന്ന സമിതിയിലോ പങ്കെടുക്കുന്നതായ ഏതെങ്കിലും സ്ഥാപനത്തിനോ സ്ഥാപനങ്ങൾക്കോ ആ ജീവനക്കാരൻ/ജീവനക്കാരി ഐ എഫ് എയിൽ തുടരുന്നിടത്തോളം കാലം ഏതെങ്കിലും ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കില്ല.

ഐ എഫ് എയിൽ നിന്ന് പിരിച്ചുവിടപ്പെടുകയോ തൊഴിൽ കാലാവധി അവസാനിക്കുകയോ ചെയ്തവരെ സംബന്ധിച്ച്:

- ഐ എഫ് എ യിലെ തൊഴിൽ കാലാവധി അവസാനിക്കുകയോ പിരിച്ചുവിടപ്പെടുകയോ ചെയ്തതിന് ശേഷം രണ്ട് വർഷം പൂർത്തിയായാൽ മാത്രമേ ഒരു മുൻ ജീവനക്കാരന്/ജീവനക്കാരിക്ക് ഐ എഫ് എ യുടെ ഗ്രാൻറുകൾക്കും ഫെല്ലോഷിപ്പിനും അപേക്ഷിക്കാൻ കഴിയൂ.
- ഐ എഫ് എയുടെ മുൻ ജീവനക്കാർ പിരിച്ചുവിടപ്പെടുകയോ തൊഴിൽ കാലാവധി അവസാനിക്കുകയോ ചെയ്തതിന് ശേഷം രണ്ട് വർഷം പൂർത്തിയായാൽ അടുത്ത കുടുംബാംഗങ്ങൾക്ക് ഐ എഫ് എയുടെ ഫെല്ലോഷിപ്പിനോ ഗ്രാൻറിനോ അപേക്ഷിക്കാം.
- ഐ എഫ് എയിലെ മുൻ ജീവനക്കാർ ബോർഡിലോ തീരുമാനങ്ങളെടുക്കുന്ന സമിതിയിലോ പങ്കെടുക്കുന്നതായ ഏതെങ്കിലും സ്ഥാപനത്തിനോ സ്ഥാപനങ്ങൾക്കോ ആ ജീവനക്കാരൻ/ജീവനക്കാരി ഐ എഫ് എയിൽ നിന്ന് പിരിഞ്ഞുപോയതിന് ശേഷമോ തൊഴിൽ കാലാവധി

അവസാനിച്ചതിന് ശേഷമോ ഒരുവർഷം പൂർത്തികാത്ത പക്ഷം, അതല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിലെ ഭാരവാഹിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞ് ഒരു വർഷം തികഞ്ഞിട്ടില്ലെങ്കിലോ ഐ എഫ് എ യുടെ ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാനാവില്ല.

ട്രസ്റ്റികൾ

- ഐ എഫ് എയുടെ ബോർഡിൽ തുടരുന്നിടത്തോളം കാലം ട്രസ്റ്റികൾക്ക് ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാനാവില്ല.
- ഐ എഫ് എയുടെ ബോർഡിലുള്ള ട്രസ്റ്റികളുടെ അടുത്ത ബന്ധുക്കൾക്ക് ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാനാവില്ല.
- ഐ എഫ് എയിലെ ഏതെങ്കിലും ട്രസ്റ്റി ബോർഡിലോ തീരുമാനങ്ങളെടുക്കുന്ന പദവികളിലോ പങ്കെടുക്കുന്നതായ ഏതെങ്കിലും സ്ഥാപനത്തിനോ സ്ഥാപനങ്ങൾക്കോ ആ ട്രസ്റ്റി ഐ എഫ് എയുടെ ബോർഡിൽ തുടരുന്നിടത്തോളം കാലം ഏതെങ്കിലും ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കില്ല.
- ഐ എഫ് എയിലെ ട്രസ്റ്റീഷിപ്പ് കാലാവധി അവസാനിച്ച് മൂന്ന് (3) വർഷം തികയുന്നതിന് മുൻപ് ട്രസ്റ്റികൾക്ക് ഐ എഫ് എയുടെ ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- ഐ എഫ് എയിലെ ട്രസ്റ്റി, അദ്ദേഹത്തിന്റെ കാലാവധി അവസാനിച്ച് മൂന്നു വർഷം തികയുന്നതിന് മുൻപ് ട്രസ്റ്റികളുടെ അടുത്ത ബന്ധുക്കൾക്ക് ഐ എഫ് എയുടെ ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- ബോർഡിലോ തീരുമാനങ്ങളെടുക്കുന്ന സമിതിയിലോ ഒരു മുൻ ഐ എഫ് എ ട്രസ്റ്റി പങ്കെടുക്കുന്ന ഏതെങ്കിലും സ്ഥാപനത്തിനോ സ്ഥാപനങ്ങൾക്കോ ആ ട്രസ്റ്റി ഐ എഫ് എ ട്രസ്റ്റീഷിപ്പ് കാലാവധി അവസാനിപ്പിച്ച് ഒരുവർഷത്തിന് ശേഷമോ അത്തരം സംഘടനകളുടെ ഭാരവാഹിത്വം ഒഴിഞ്ഞ് ഒരു വർഷം തികഞ്ഞതിന് ശേഷമോ (ഇതിലേതാണോ അവസാനം സംഭവിക്കുന്നത്) അതിന് ശേഷം മാത്രമേ ഐ എഫ് എ യുടെ ഗ്രാൻറിനോ ഫെല്ലോഷിപ്പിനോ അപേക്ഷിക്കാനർഹതയുള്ളു.

**ദാതാക്കൾ**

- **ഫ്രണ്ട്സ് ഓഫ് ഐ എഫ് എ**
  ഐ എഫ് എയ്ക്ക് പൊതു സംഭാവനയായോ, ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിക്കായോ അതല്ലെങ്കിൽ ഐ എഫ് എയുടെ സഞ്ചിതനിധിയിലേക്കോ അമ്പതിനായിരം രൂപയിൽ (INR 50,000/-) കവിയാത്ത തുക നൽകുന്ന ദാതാക്കളാണ് ഐ എഫ് എ സുഹൃത്തുക്കൾ- Friends of IFA.
- **ഫ്രൻഡ്സ് ഓഫ് ലൈഫ്**
  ഐ എഫ് എയ്ക്ക് പൊതു സംഭാവനയായോ,

ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിക്കായോ അതല്ലെങ്കിൽ ഐ എഫ് എയുടെ സഞ്ചിതനിധിയിലേക്കോ അമ്പതിനായിരം രൂപയ്ക്ക് (INR 50,000/-) മുകളിൽ എന്നാൽ 1ലക്ഷം രൂപയിൽ (INR 100,000) കവിയാത്ത തുക സംഭാവന നൽകുന്ന ദാതാക്കളാണ് ഫ്രൻഡ്സ് ഓഫ് ലൈഫ്.

- **ഡോണർ പാട്രൺസ്**
  ഐ എഫ് എയ്ക്ക് പൊതു സംഭാവനയായോ, ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിക്കായോ അതല്ലെങ്കിൽ ഐ എഫ് എയുടെ സഞ്ചിതനിധിയിലേക്കോ ഒരുലക്ഷം രൂപയിലധികം (INR 100,000) സംഭാവന നൽകുന്ന ദാതാക്കളാണ് ഡോണർ പാട്രൺസ്.
- **ഇൻസ്റ്റിറ്റ്യൂഷണൽ ഡോണേഴ്സ്**
  ഐ എഫ് എയ്ക്ക് പൊതു സംഭാവനയായോ, ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിക്കായോ അതല്ലെങ്കിൽ ഐ എഫ് എയുടെ സഞ്ചിതനിധിയിലേക്കോ സംഭാവന നൽകുന്ന കോർപ്പറേറ്റുകൾ, ട്രസ്റ്റുകൾ, സൊസൈറ്റികൾ, പാർട്ട്ണർഷിപ്പുകൾ എന്നിവയാണ് ഇൻസ്റ്റിറ്റ്യൂഷണൽ ഡോണേഴ്സ്.

**ദാതാക്കളുടെ അപേക്ഷ സംബന്ധിച്ച മാനദണ്ഡങ്ങൾ**

- ഫ്രണ്ട്സ് ഓഫ് ഐ എഫ് എക്ക് അവരുടെ സംഭാവനാ കാലാവധി തീർന്ന് ഒരുവർഷത്തിനു ശേഷം മാത്രമേ ഐ എഫ് എ ഫെല്ലോഷിപ്പുകൾക്കും ഗ്രാൻറുകൾക്കും അപേക്ഷിക്കാനാവൂ.

- ഐ എഫ് എയ്ക്ക് സംഭാവന നൽകിയ തിയ്യതി കഴിഞ്ഞ് മൂന്നുവർഷം പൂർത്തിയായതിന് ശേഷം മാത്രമേ ഫ്രണ്ട്സ് ഓഫ് ലൈഫിന് ഗ്രാൻറ്/ ഫെല്ലോഷിപ്പിന് അപേക്ഷിക്കാനാവൂ.
- ഐ എഫ് എയ്ക്ക് സംഭാവന നൽകിയ തിയ്യതി കഴിഞ്ഞ് അഞ്ചുവർഷം പൂർത്തിയായതിന് ശേഷം മാത്രമേ ഡോണർ പേട്രൺസിന് ഗ്രാൻറ്/ ഫെല്ലോഷിപ്പിന് അപേക്ഷിക്കാനാവൂ.
- ഐ എഫ് എയ്ക്ക് സാമ്പത്തിക സഹായം  തുടരുന്ന കാലയളവിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഡോണേഴ്സിന് ഐ എഫ് എയുടെ ഗ്രാൻറ്/ ഫെല്ലോഷിപ്പിന് അപേക്ഷിക്കാനാവില്ല.
- ഐ എഫ് എയ്ക്ക് സാമ്പത്തിക സഹായം  തുടരുന്ന കാലയളവിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഡോണേഴ്സിന് ഐ എഫ് എയുടെ ഗ്രാൻറ്/ ഫെല്ലോഷിപ്പിന് അപേക്ഷിക്കാനാവില്ല.
- ഇൻസ്റ്റിറ്റ്യൂഷണൽ ഡോണേഴ്സ് നൽകുന്ന ഫണ്ട് വിനിയോഗം സംബന്ധിച്ച സാമ്പത്തിക റിപ്പോർട്ട് ഐ എഫ് എ സമർപ്പിച്ചതിന് ഒരുവർഷം (1) കഴിഞ്ഞ് മാത്രമേ അത്തരം ദാതാക്കൾക്ക്  ഐ എഫ് എയുടെ ഗ്രാൻറ്/ ഫെല്ലോഷിപ്പിന് അപേക്ഷിക്കാനാവൂ.
- പ്രോജക്ട്/ഫണ്ടിങ്ങുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇത്തരം സാമ്പത്തിക റിപ്പോർട്ടുകൾക്ക് അവസാനരൂപം നൽകുകയും ഇൻസ്റ്റിസ്റ്റ്യൂഷണൽ ഡോണേഴ്സിന്

സമർപ്പിക്കുകയുമുള്ളൂ എന്ന് ഇതിനാൽ വ്യക്തമാക്കിക്കൊള്ളുന്നു

- ഇൻസ്റ്റിറ്റ്യൂഷണൽ ഡോണേഴ്സ് നൽകുന്ന ഫണ്ട് വിനിയോഗം സംബന്ധിച്ച സാമ്പത്തിക റിപ്പോർട്ട് ഐ എഫ് എ സമർപ്പിച്ചതിന് ഒരുവർഷം കഴിഞ്ഞ് മാത്രമേ അത്തരം ദാതാക്കൾക്ക് ഐ എഫ് എയുടെ ഗ്രാൻറ്/ ഫെല്ലോഷിപ്പിന് അപേക്ഷിക്കാനാവൂ.
- ഇൻസ്റ്റിറ്റ്യൂഷണണൽ ഡോണേഴ്സിന് കീഴിലുള്ള ജീവനക്കാർ അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിൽ ഭാരവാഹിത്വം വഹിക്കുന്ന വ്യക്തികൾ തുടങ്ങിയവർക്ക് ആ സ്ഥാപനങ്ങൾ ഐ എഫ് എയ്ക്ക് നൽകിയ ഫണ്ട് വിനിയോഗം സംബന്ധിച്ച് സാമ്പത്തിക റിപ്പോർട്ട് ഐ എഫ് എ സമർപ്പിച്ചതിന് ഒരുവർഷം കഴിഞ്ഞോ അതല്ലെങ്കിൽ അത്തരം വ്യക്തികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ സ്ഥാനങ്ങൾ ഒഴിഞ്ഞ് ഒരുവർഷം പൂർത്തിയായതിന് ശേഷമോ മാത്രമേ ഐ എഫ് എയുടെ ഗ്രാൻഡ്/ ഫെല്ലോഷിപ്പിന് അപേക്ഷിക്കാൻ അർഹരാവൂ.